(ബി) ഇതിന് ആകെ എന്ത് ചെലവാണ് കണക്കാക്കിയിരിക്കുന്നത്;

(സി) ഇതിൽ സ്വകാര്യ സംരംഭകരെ പങ്കെടുപ്പിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എത്രപേരെ തെരഞ്ഞെടുത്തിട്ടുണ്ട്; ഇവർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാം?

ഉത്തരം

(എ) ആദ്യ ഘട്ടം ഒരു വർഷത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി & സി) കേരളത്തിലെ ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വകാര്യ സംരംഭകരെ പങ്കാളികളാക്കുക എന്ന ഉദ്ദേശത്തോടെയാണ് 'വഴിയോരം' പദ്ധതിയ്ക്ക് ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുള്ളത്. 250-ഓളം വഴിയോര യൂണിറ്റുകൾ സ്ഥാപിക്കുന്നതിലൂടെ ഏകദേശം 50 കോടി രൂപയുടെ സ്വകാര്യ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. ഒരു യൂണിറ്റിന് സർക്കാർ നൽകുന്ന പരമാവധി ധനസഹായം 7 ലക്ഷം രൂപയാണ്. യൂണിറ്റുകളെ അന്തിമമായി തെരഞ്ഞെടുത്താൽ മാത്രമേ എന്ത് തുക ചെലവ് വരും എന്ന് കൃത്യമായി കണക്കാക്കാൻ കഴിയുകയുള്ളൂ.

(ഡി) പദ്ധതിയുടെ ആദ്യഘട്ടമായി 121 സ്വകാര്യ സംരംഭകരെ വഴിയോരം പദ്ധതി നടപ്പിലാക്കാനായി ടൂറിസം വകുപ്പ് തെരഞ്ഞെടുത്തിട്ടുണ്ട്. യോഗ്യതകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

പുതുതായി ആരംഭിച്ച ടൂറിസം പദ്ധതികൾ

38 [714] ശ്രീ. ടി. എം. ജേക്കബ്:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ആരംഭിച്ച ടൂറിസം പദ്ധതികൾ ഏതെല്ലാമാണ്;

(ബി) മന്ത്രി നടത്തിയ വിദേശ യാത്രയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നേട്ടങ്ങളാണ് ടൂറിസം മേഖലയ്ക്ക് ഉണ്ടായിട്ടുള്ളത്;

(സി) ഏതെല്ലാം രാജ്യങ്ങൾ സന്ദർശിച്ച് ആരൊക്കെയായി ടൂറിസം വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മന്ത്രി ചർച്ച ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി വയ്ക്കുന്നു. ††

(ബി) ടൂറിസം വകുപ്പുമന്ത്രി നടത്തിയ വിദേശ യാത്രയുടെ ഫലമായി അതാത് രാജ്യങ്ങളിലെ പ്രമുഖരായ വിദേശ ടൂർ ഓപ്പറേറ്റർമാർ, ട്രാവൽ ഏജന്റുമാർ, ടൂറിസം മേഖലയിലെ വിദഗ്ദ്ധർ തുടങ്ങിയവരുമായി നേരിട്ട് ചർച്ച നടത്തി അവരെ

† അനുബന്ധം III

†† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന്റെ ടൂറിസം സാധ്യതകളെപ്പറ്റി ബോധവാന്മാരാക്കുന്നതിന് സാധിച്ചു. കൂടാതെ അന്താരാഷ്ട്ര തലത്തിലുള്ള ടൂർ ഓപ്പറേറ്റർമാരെയും ട്രാവൽ ഏജന്റുമാരെയും നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ടൂർ ഓപ്പറേറ്റർമാരുമായും ട്രാവൽ ഏജന്റുമാരുമായും ബന്ധപ്പെടുന്നതിനും അതുവഴി കൂടുതൽ വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മന്ത്രി നേരിട്ട് അന്താരാഷ്ട്ര പത്ര-മാധ്യമ മേഖലകളിലെ പ്രമുഖരുമായും ട്രാവൽ റൈറ്റർമാരുമായും നടത്തിയ ചർച്ചകളുടെ ഫലമായി ധാരാളം പരസ്യങ്ങളും ലേഖനങ്ങളും വിവരണങ്ങളും അന്താരാഷ്ട്രതലത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) ടൂറിസം വികസനവുമായി ബന്ധപ്പെട്ട് മന്ത്രി ലണ്ടൻ, സ്പെയിൻ, ഓസ്ട്രേലിയ, ജർമ്മനി, ദുബായ് എന്നീ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഇവിടങ്ങളിലെ പ്രമുഖ ടൂർ ഓപ്പറേറ്റർമാരുമായും ട്രാവൽ ഏജന്റുമാരുമായും ടൂറിസം വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മന്ത്രി ചർച്ച ചെയ്തിട്ടുണ്ട്. വിവിധ രാജ്യങ്ങൾ സന്ദർശിച്ച് മന്ത്രി നേരിട്ട് ചർച്ച നടത്തിയ വിദേശത്തെ പ്രമുഖരായ ട്രാവൽ ഏജൻസികളുടെയും ടൂർ ഓപ്പറേറ്റേഴ്സിന്റെയും ലിസ്റ്റ് താഴെ കൊടുക്കുന്നു:

1. തോംസൺ ഹോളിഡേയ്സ്
2. ജെ.എം.സി. ഹോളിഡേയ്സ്
3. അവർ ക്രോംബി & കെന്റ്
4. ഡിടൂർ
5. ടി.യു.ഐ. ഗ്രൂപ്പ്
6. ക്രിസ്റ്റിയാനോ വിയാഗി
7. ബൂനോ വിയാഗി
8. എൽ കോർട്ടേ ടൂർ കമ്പനി
9. ട്രാൻസ് ഇൻഡസ്
10. നോനി ട്രാവൽസ്
11. പെറ്റിൽസ് ഇൻഡ്യ
12. ഗ്രീവ്സ് ഇൻഡ്യ
13. കേരള കണക്ഷൻസ്
14. എക്സോ ടൂർ
15. എക്സോടിക് ഇൻഡ്യ
16. മാക്രോ പോളോ റെയ്സൺ
17. ട്രാവൽ ഹൗസ്
18. തോമസ് കുക്ക് ഹോളിഡേയ്സ്
19. സൊമാക് ഹോളിഡേയ്സ്
20. ലിയോറ്റി വിയാഗി
21. സിഗ്സാഗ് വിയാഗി
22. ഏരീസ് വിജേയ്സ്
23. ജംബോ ടൂർസ്
24. ട്രിനോ വിജേയ്സ്

LIBRARY ARCHIVES Kerala Legislative Assembly

25. നാഷണൽ ജിയോഗ്രാഫിക് ടൈം
26. ഡിപ്പാർച്ചർ
27. ട്രാവൽ ഏജന്റ്
28. കാൻഡ് നാർട് ട്രാവലർ (U.K)
29. കാൻഡ് നാർട് ട്രാവലർ (U.S)

ടി.വി. ചാനലുകൾ

സി.എൻ.എൻ, ബി.ബി.സി, എൻ.ജി.സി, ഡിസ്കവറി, ടിവി-3

മേൽപ്പറഞ്ഞവരുമായി നടത്തിയ ചർച്ചകളുടെ ഫലമായി വിവിധ രാജ്യങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. വകുപ്പുമന്ത്രിതന്നെ നേരിട്ട് ചർച്ച നടത്തുന്നതുകൊണ്ട് ആതത് രാജ്യങ്ങളിലെ വളരെ പ്രധാനപ്പെട്ട ബിസിനസ് ഗ്രൂപ്പുമായി നേരിട്ട് ചർച്ച നടത്തുന്നതിന് കഴിയുന്നു. മന്ത്രിയുടെ വിദേശ സന്ദർശനങ്ങളിലൂടെ അവിടെ ടൂറിസം രംഗത്തെ പ്രമുഖരായ മാദ്ധ്യമ പ്രവർത്തകരെ കാര്യങ്ങൾ ബോധിപ്പിക്കുന്നതിനും അവർ മാദ്ധ്യമങ്ങളിൽ വമ്പിച്ച പ്രാധാന്യത്തോടെ ലേഖനങ്ങളും വിവരണങ്ങളും പ്രസിദ്ധീകരിക്കുന്നതിനും സഹായിച്ചു.

ഹെൽത്ത് ടൂറിസം പദ്ധതി

39 [715] ശ്രീ. എ. എ. അസീസ്:

" കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹെൽത്ത് ടൂറിസം നടപ്പിലാക്കാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ആയതിലേക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ആയതിലേക്ക് തെരഞ്ഞെടുത്ത സ്ഥലങ്ങൾ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) കേരളത്തിലെ പ്രമുഖ ഹോസ്പിറ്റലുകളെ ഏകോപിപ്പിച്ചു കൊണ്ട് ഹെൽത്ത് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ടൂറിസം ഡയറക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി ഇത് സംബന്ധിച്ച ചർച്ചകൾ നടത്തി, കേരളത്തിൽ നൽകാൻ കഴിയുന്ന മികച്ച ചികിത്സാരീതികളെക്കുറിച്ച് അന്തർ ദേശീയ പ്രചാരം ലഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഇതുകൂടാതെ, ഹെൽത്ത് ടൂറിസത്തിന്റെ പ്രചരണാർത്ഥം കെ.റ്റി.ഡി.സിയും കൊച്ചിയിലെ അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസും കൊച്ചിയിലെ ഇന്റർ സൈറ്റ് ടൂർസ് ആന്റ് ട്രാവൽസും ചേർന്ന് ഒരു കൺസോർഷ്യം രൂപീകരിച്ച് ധാരണാ പത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. ഈ കൺസോർഷ്യത്തിലൂടെ അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് മികച്ച ചികിത്സാ സൗകര്യങ്ങളും കെ.റ്റി.ഡി.സി. താമസ സൗകര്യവും ഇന്റർസൈറ്റ് ടൂർസ് യാത്രാസൗകര്യവും ഒരുക്കിക്കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly